©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2022 മാർച്ച് 14<br>14th March 2022<br>1197 കുംഭം 30<br>30th Kumbham 1197<br>1943 ഫാൽഗുനം 23<br>23rd Phalguna 1943 | നമ്പർ<br>No. | 811 |

ഫോറം നമ്പർ-7

[ചട്ടം 18(1) കാണുക]

**ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം-2013 വകുപ്പ് 11 ഉപവകുപ്പ് 1 പ്രകാരം ജില്ലാ കളക്ടർ പുറപ്പെടുവിക്കുന്ന പ്രാരംഭ വിജ്ഞാപനം**

നമ്പർ: DCKTM/7322/2019-G1 തീയതി: *2022, മാർച്ച് 11*

കേരള സർക്കാരിന്റെ 17.01.2021 തീയതിയിലെ G.O (RT) No.220/2020 നമ്പർ വിജ്ഞാപന പ്രകാരം, കോട്ടയം, വൈക്കം എൽ.എ (കിഫ്ബി) സ്പെഷ്യൽ തഹസീൽദാരെ ഭൂമി ഏറ്റെടുക്കൽ കേസിൽ, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള നിയമം 2013 ലെ ആക്ടിന് വിധേയമായി ഒരു കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കാൻ നിയമിച്ചിരിക്കുന്നതിനാലും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയതിന് ഇപ്പോൾ കോട്ടയം ഭൂമി ഏറ്റെടുക്കൽ വിഭാഗം ഡെപ്യൂട്ടി കളക്ടറെ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചിരിക്കുന്നതും

അതിനാൽ ഇപ്പോൾ താഴെ പട്ടികയിൽ വിവരം കാണിച്ച ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കരിമ്പുകയം കുടിവെള്ള പദ്ധതിയ്ക്ക് (6MLD ജലശുദ്ധീകരണ ശാല -കൂവപ്പള്ളി 5LL GLSR പനച്ചേപ്പള്ളി, 8.5 LL GLSR തമ്പലക്കാട്) ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ ആ കളക്ടർക്ക ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും
ഇപ്പോൾ, അതിനാൽ ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും ഭൂമി ഏറ്റെടുക്കുമ്പോൾ, ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള 2013 ലെ ആക്ട് 11ാം വകുപ്പ് 1ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

അതിനാൽ ഏറ്റെടുക്കലിന് നിർദ്ദേശിക്കപ്പെട്ട ഭൂമിയിൽ അവകാശ താല്പര്യം ഉള്ള എല്ലാ വ്യക്തികളും ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ചു 15 ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഈ വിഷയത്തിൽ ഒരു പബ്ലിക് നോട്ടീസ് കിട്ടിയതിനു ശേഷമോ ഇതിൽ ഏതാണ് അവസാനം ലഭിച്ചത് ആ തീയതിക്കുള്ളിൽ പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുവാൻ നിർദ്ദേശിക്കപ്പെട്ട ഭൂമിയുടെ റിക്കാർഡുകളുടെ നിജസ്ഥിതി വരുത്തുന്നതിനെ സംബന്ധിച്ചോ അല്ലെങ്കിൽ ഏറ്റെടുക്കുവാൻ നിർദ്ദേശിക്കപ്പെട്ട ഭൂമിയുടെ അവകാശത്തെ സംബന്ധിച്ചോ വല്ല എതിർപ്പുമുണ്ടെങ്കിൽ ആയത് രേഖാമൂലം കോട്ടയം ജില്ലയിൽ, വൈക്കം താലൂക്കിൽ, മറവൻതുരുത്തിൽ പ്രവർത്തിക്കുന്ന എൽ.എ (കിഫ്ബി) സ്പെഷ്യൽ തഹസീൽദാർ, കോട്ടയം @ വൈയ്ക്കം എന്നയാൾ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്.

നിശ്ചിത തീയതി കഴിഞ്ഞു കിട്ടുന്ന എതിർപ്പ് പരാതികളും സ്റ്റേറ്റ്മെന്റുകളും അല്ലെങ്കിൽ എതിർപ്പ് പരാതിക്കാർക്ക് ഈ ഭൂമിയിൽ ഏത് രീതിയിലുള്ള അവകാശമാണ് ഉള്ളത് എന്ന് വ്യക്തമായി കാണിക്കാത്ത എതിർപ്പുകളും ഒന്നായി നിരസിക്കുന്നതാണ്.

ഔദ്യോഗിക വെബ്സൈറ്റിൽ (https://kottayam.nic.in.) ലഭ്യമായ സാമൂഹ്യ ആഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ ചുരുക്കം ചുവടെ കൊടുക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## <u>പട്ടിക</u>

ജില്ലഃ കോട്ടയം താലൂക്ക്ഃ കാഞ്ഞിരപ്പള്ളി വില്ലേജ്ഃ കാഞ്ഞിരപ്പള്ളി, കൂവപ്പള്ളി

(ഏകദേശം വിസ്തീർണ്ണം നൽകിയിരിക്കുന്നു)

| ക്രമ നം. | വില്ലേജ് | ബ്ലോക്ക് നമ്പർ | സർവ്വെ നമ്പർ | ഇനം/ തരം | വിസ്തീർണ്ണം (ഹെക്ടറിൽ) | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിത കുടുംബങ്ങളെ സ്ഥലം മാറ്റുന്നതിനുള്ള കാരണം | ഉടമസ്ഥരുടെ അല്ലെങ്കിൽ തണ്ടപ്പേർ കക്ഷികളുടെ പേര് |
|---|---|---|---|---|---|---|---|---|
| 1 | കൂവപ്പള്ളി | 10 | 254/5-1 | പുരയിടം | 00.01.90 | കാഞ്ഞിരപ്പള്ളിഎലിക്കുളം,ചിറക്കടവ് പഞ്ചായത്തിനു വേണ്ടിയുള്ള കരിമ്പുകയം കുടിവെള്ള പദ്ധതി 6 MLD | സ്ഥലം ഏറ്റെടുക്കൽ | മാർട്ടിൻ, S/o കുര്യൻ ഏറത്തു പുരയിടത്തിൽ |
| | | | 254/3 | പുരയിടം | 00.05.47 | | | സിറിയക്, S/o കുര്യൻ ഏറത്തു പുരയിടത്തിൽ |
| | | | 255/3 | പുരയിടം | 00.09.20 | | | എൽസമ്മ,W/o ജോസ് കുടിയ കുഴിയിൽ വീട് |
| | | | 255/2 | പുരയിടം | 00.03.10 | ജലശുദ്ധീകരണ ശാല, കരിമ്പു കയം | | ജോസ്,S/o വർഗ്ഗീസ്, കുടിയ കുഴിയിൽ വീട് |
| 2. | കൂവപ്പള്ളി | 10 | 177/6 | പുരയിടം | 00.04.05 | 5LL ഭൂതല സംഭരണി, പനച്ചേപ്പള്ളി | സ്ഥലം ഏറ്റെടുക്കൽ | മെഹർ ഫാത്തിമ ഫിറോസ്, ഫിറോസ് കണ്ണമ്പ്ര മൊഹമ്മദാലി ഭാര്യ |
| 3. | കാഞ്ഞിരപ്പള്ളി | 13 | 22/7 | പുരയിടം | 00.03.44 | 8.5 LL ഭൂതല സംഭരണി, തമ്പലക്കാട് | സ്ഥലം ഏറ്റെടുക്കൽ | വർക്കി, S/o വർക്കി, ചെത്തിമറ്റം, തമ്പലക്കാട് |

**ആകെ വിസ്തീർണ്ണംഃ 27.16 ആർ**

## സാമൂഹിക പ്രത്യാഘാത പഠനം (ചുരുക്കം)

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി, എലിക്കുളം, ചിറക്കടവ് പഞ്ചായത്തുകളിൽ കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിനായുള്ള കരിമ്പുകയം കുടിവെള്ള പദ്ധതിയ്ക്കായി കാഞ്ഞിരപ്പള്ളി താലൂക്കിലെ കാഞ്ഞിരപ്പള്ളി, കൂവപ്പള്ളി എന്നീ വില്ലജുകളിലായി വ്യാപിച്ചു കിടക്കുന്ന 68 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സർവ്വെ നമ്പർ 254/5-1 ( Block No.10/2855), 254/3 (Block No.10/1195) 255/3 (Block No.10/2360), 255/2 (Block No.10/2103), 177/6 (Block No.10) എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെടുന്ന കൂവപ്പള്ളി വില്ലേജിൽ നിന്നും സർവ്വെ നമ്പർ 22/7 (Block No 13/4737) എന്ന സർവ്വേ നമ്പറിൽ ഉൾപ്പെടുന്ന ഭൂമി കാഞ്ഞിരപ്പള്ളി വില്ലേജിൽ നിന്നും ആണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്.

നിർദ്ദിഷ്ട പദ്ധതിയ്ക്കായി കണ്ടെത്തിയ ഭൂമി നാലു കുടുംബങ്ങളുടേതാണ്. നിർദ്ദിഷ്ട ഭൂമി താമസത്തിനോ കാർഷിക ആവശ്യത്തിനോ ഉപയോഗിക്കുന്നില്ല. നിർദ്ദിഷ്ട പദ്ധതിയുടെ പ്രയോജനം ദീർഘകാലം ഏതാണ്ട് ഒരു ലക്ഷത്തോളം ആളുകൾക്ക് ലഭിക്കും എന്ന വസ്തുത പൊതു നന്മയെ ലക്ഷ്യമാക്കിയിട്ടുള്ളതാണ്. വികസനത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് വഴി നഷ്ടങ്ങൾ സംഭവിക്കുന്ന ആളുകൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകുവാനുള്ള നിയമപരമായ വഴികൾ സാമൂഹികാഘാത പഠനത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കൂടാതെ നിർദ്ദിഷ്ട പദ്ധതിയ്ക്കായി കണ്ടെത്തി ഭൂമി നിലവിലുള്ള വാട്ടർ ടാങ്കുകൾക്ക് തൊട്ടടുത്തായി സ്ഥിതി ചെയ്യുന്നു.

മേൽ പറഞ്ഞ വസ്തുകകൾ പരിഗണിക്കുമ്പോൾ ടി കുടിവെള്ള പദ്ധതിയുടെ പ്രാധാന്യം വളരെ വിലപ്പെട്ടതാണ്.

**(ഒപ്പ്)**

**ജില്ലാ കളക്ടർ, *കോട്ടയം***

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**FORM No.7**

[*See* Rule 18(1)]

FORM OF PRELIMINARY NOTIFICATION TO BE ISSUED BY THE COLLECTOR UNDER SUB-SECTION(1) OF SECTION 11

NOTIFICATION

**DCKTM/7322/2019-G2** ***11th March 2022***

WHEREAS, the Government of Kerala have as per notification No.G.O.(Rt) No.220/2020 dated 17.01.2020 appointed the Special Tahsildar LA(KIIFB), Kottayam, Vaikom to perform the functions of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act, 2013.

AND WHEREAS, the Government hereby appoint Deputy Collector (LA), Kottayam as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition.

AND WHEREAS, it appears to the Government that the land specified in the schedule below is needed or is likely to be needed for public purpose to wit for the Karimbukayam Water supply scheme which included 6 MLD Water treatment plant at Karimbukayam, Koovappally, 5 LL GLSR Panacheppally and 8.5 LL GLSR at Thambalakkadu.

Now, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section 1 of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

All persons interested in the said land are accordingly required to lodge the Special Tahsildar LA (KIIFB), Kottayam, Vaikom within 15 days from the date of publication of the above notification, or after giving public notice regarding this whichever is later, a statement in writing of their objections, if any, regarding the updation of land records or title in respect of the land proposed for acquisition. Any objection/statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected.

A summary of the Social Impact Assessment Report is given below, which is available in the official website (https://kottayam.nic.in.).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## SCHEDULE

District : Kottayam Taluk : Kanjirappally Village : Koovappally,Kanjirappally

(The extent given in approximate)

| Sl.No. | Village | Block No. | Survey No. | Description | Extent (H/ Are/Sq.Meter) | Nature of public purpose | Reason for displacement of affected families | Names of owners/ interested persons |
|---|---|---|---|---|---|---|---|---|
| 1. | Koovappally | 10 | 254/5-1 | Dry land | 00.01.90 | 6 MLD Water treatment plant at Karimbukayam | Land Acquisition | Martin S/o Kurian, Erathupurayidathil |
| | | | 254/3 | Dry land | 00.05.47 | | | Syriac, S/o Kurian, Erathupurayidathil |
| | | | 255/3 | Dry land | 00.09.20 | | | Elsamma W/o Jose, Kadiyakuzhiyil |
| | | | 255/2 | Dry Land | 00.03.10 | | | Jose, S/o Varghese, Kadiyakuzhiyil |
| 2. | Koovappally | 10 | 177/6 | Dry Land | 00.04.05 | 5 LL GLSR at Panacheppally | Land Acquisition | Mehar Fathima Firose, W/o Firose Kannambra Muhammadali |
| 3. | Kanjirappally | 13 | 22/7 | Dry Land | 00.03.44 | 8.5LL GLSR at Thambalakkadu | Land Acquisition | Varkey, S/o Varkey, Chethimattam, Thambalakkadu |

**Total Area :27.16 Ares**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Social Impact Assessment Study (Summary)**

The proposed project is intended for Construction of 6 MLD Water treatment plant at Karimbukayam, 5 LL GLSR at Panacheppally and 8.5 LL GLSR at Thambalakkadu of Karimbukayam WSS & augmentation of ARWSS to Kanjirappally, Elamkkulam and Chirakkadavu Panchayath.

For the implementation of proposed project an extent of 68 cents of land from Survey No.254/5-1 (Block No.10/2855), 254/3 (Block NO.10/1195), 255/3 (Block NO.10/2360), 255/2 (Block No.10/2103) and 177/6(Block No.10) from Koovappally Village & Survey No.22/7 (Block No.13/4737) of Kanjirappally Village of Kanjirappally Taluk in Kottayam District is required to be acquired.

The land identified for the proposed project belongs to 4 families. Particular land is not used for any residential or agricultural purpose. Almost one lakh people will get benefits of the proposed project. The study recommends to acquire land for the proposed project after providing adequate and fair compensation to the project affected individuals and the land identified for the proposed project is located immediately next to the existing water tank, so no alternatives are considered.

As we consider above mentioned facts Karimbukayam Water Supply Project is a necessity.

**Sd/-**

**DISTRICT COLLECTOR, KOTTAYAM**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/